ഖുത്വ്ബ
20.1.2006
ബയ്തുൽഫുതൂഹ്, ലണ്ടൻ

# മൗറീഷ്യസ്- ഇന്ത്യാ പര്യടനം

**ക**ഴിഞ്ഞ ഒന്നേമുക്കാൽ മാസത്തോളം ഞാൻ യു.കെ.യിൽനിന്ന് വെളിയിലായിരുന്നു. നിങ്ങൾക്കെല്ലാവർക്കുമറിയാം. എം.ടി.എയിലൂടെ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ടാകും. ഈ ഒന്നേമുക്കാൽ മാസത്തിൽ രണ്ടാഴ്ച മൗറീഷ്യസിലും ബാക്കി ദിനങ്ങൾ ഖാദിയാനിലുമായിരുന്നു താമസിച്ചത്. ഈ കാലയളവിൽ ഖാദിയാനിലും മൗറീഷ്യസിലും ജൽസയും നടന്നു. അത് എം.ടി.എയിലൂടെ നിങ്ങൾ കണ്ടിട്ടുണ്ടാകും.

2005-ൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പത്ത് രാജ്യങ്ങളിലെ ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് കിട്ടി. ഇതിൽ ആദ്യത്തെ ജൽസ സ്പെയിനിലേതായിരുന്നു; അവസാനത്തേത് ഖാദിയാനിലേയും.

അൽഹംദുലില്ലാഹ്. കഴിഞ്ഞുകടന്ന വർഷവും നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹവർഷം കണ്ടു. അഹ്മദിയ്യാജമാഅത്തിന്റെമേൽ ഉദിച്ചുയരുന്ന ഓരോ ദിവസവും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ കാഴ്ചകൾ പുതിയ പ്രൗഢിയോടുകൂടി കാണുന്നു. ഇതെല്ലാം നടക്കുന്നത് അല്ലാഹുതആല ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനമനുസരിച്ചാണ്. ഞാൻ മുമ്പേ പറഞ്ഞതുപോലെ വർഷത്തിലൊരിക്കൽ ഇതെല്ലാം വിവരിക്കുകയെന്നത് നടക്കുന്ന കാര്യമല്ല. ഇടവിട്ട് ഇടവിട്ട് ഇതു പറഞ്ഞുകൊണ്ടിരുന്നാലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ കാഴ്ചകൾ പൂർണ്ണമായും വിവരിക്കാൻ സാദ്ധ്യമല്ല.

എന്തായാലും യാത്രകഴിഞ്ഞുവന്നാൽ ജനങ്ങളുടെ താൽപര്യമനുസരിച്ച് യാത്രയിലെ ചില സംഭവങ്ങൾ വിവരിക്കാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ യാത്രയെക്കുറിച്ച് ചില കാര്യങ്ങൾ പറയുന്നതാണ്.

ആദ്യത്തെ യാത്ര മൗറീഷ്യസിലേക്കായിരുന്നു. മൗറീഷ്യസ് ചെറിയൊരു ദ്വീപാണ്. ഏകദേശം 12, 13 ലക്ഷമാണ് ഇവിടത്തെ ജനസംഖ്യ. മതപരമായ നിലയിൽ നോക്കുമ്പോൾ ഇവിടത്തെ അധികം പേരും ഹൈന്ദവമതവിശ്വാസികളാണ്. മുസ്ലിംകളുടെ ജനസംഖ്യ പതിനാറോ പതിനേഴോ ശതമാനമാണ്. അഹ്മദികൾ ആയിരങ്ങൾ മാത്രമാണിവിടെ. എന്നാൽ, ഈ ആയിരങ്ങളടങ്ങിയ അഹ്മദികളും മാശാഅല്ലാഹ്, ആവേശവും ഉത്സാഹവും വികാരവും കൂറുംകൊണ്ട് നിറഞ്ഞവരാണ്. അവരിലിത് വ്യക്തമായും കാണാൻ കഴിയുന്നു.

ഞാൻ എയർപോർട്ടിലിറങ്ങിയപ്പോൾ സ്ത്രീകളും കുട്ടികളും പുരുഷന്മാരുമടങ്ങിയ വൻജനാവലി എതിരേല്ക്കാൻ കാത്തുനിന്നിരുന്നു. സാധാരണ എല്ലാ നാടുകളിലും കാണുന്നതുപോലെ ഇവരുടെയെല്ലാവരുടേയും മുഖങ്ങൾ സന്തോഷംകൊണ്ട് വിളങ്ങുന്നുണ്ടായിരുന്നു. ഈ അവസ്ഥ കാണുമ്പോൾ അനിയന്ത്രിതമായി അല്ലാഹുവിനെ സ്തുതിക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടായിപ്പോകുന്നു; തന്റെ മസീഹ്(അ)നോടു ചെയ്ത വാഗ്ദാനത്തിന്റെ കാഴ്ചകൾ അവൻ ദൂരെദൂരെയുള്ള നാടുകളിൽപോലും പുലർത്തിക്കാണിക്കുന്നു.

മൗറിഷ്യസിലെ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ ത്യാഗം ചെയ്യുന്ന ജമാഅത്താണ്. ദൈവാനുഗ്രഹത്താൽ പള്ളികൾ നിർമ്മിക്കുന്ന കാര്യത്തിൽ അവർക്ക് കൂടുതൽ ശ്രദ്ധയുണ്ട്. നല്ല മനോഹരമായ പള്ളികൾ അവർ നിർമ്മിക്കുന്നു. പിന്നീട് വൃത്തിയുടെ കാര്യവും ശ്രദ്ധിക്കുന്നു. കുറച്ചഹ്മദികളുള്ള ചെറിയ ചെറിയ ഗ്രാമങ്ങളിൽ നിങ്ങൾ പോയാലും ജമാഅത്തിന്റെ ചെറുതല്ലാത്ത വളരെ മനോഹരമായ പള്ളികൾ കാണാൻ കഴിയും. ആ പള്ളികളിൽ എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. റോസ്ഹില്ലിലാണ് നമ്മുടെ കേന്ദ്രപള്ളിയുള്ളത്. പഴയതും വലിയതുമായ പള്ളിയാണിത്. അതിനോടു ചേർന്ന് ജമാഅത്തിന്റെ ഓഫീസുകളും മറ്റുമുണ്ട്. അതിന്റെ 3, 4 കിലോമീറ്റർ ചുറ്റളവിൽ ജമാഅത്തിന്റെ മൂന്നുനാല് പള്ളികൾ വേറെയുമുണ്ട്. റബ്വയിലും അല്ലെങ്കിൽ ഖാദിയാനിലെ ഓരോ മൊഹല്ലയിലും പള്ളികൾ നിർമ്മിച്ചിട്ടുള്ളതുപോലെ ഇവിടെയും ചെറിയ

ചെറിയ പള്ളികൾ ഇവർ നിർമ്മിച്ചിട്ടുണ്ട്. അഹ്മദികൾ കുറച്ചേ ഉള്ളുവെങ്കിലും അവിടെ പള്ളിയുണ്ടാകും.

ഞാനേതെല്ലാം നാടുകളിൽ ഇതുവരെ സന്ദർശനം നടത്തിയിട്ടുണ്ടോ, എന്നല്ല ഞാൻ പോകാത്ത സ്ഥലങ്ങളിലും ഞാൻ കരുതുന്നതു പള്ളി നിർമ്മിക്കുന്ന കാര്യത്തിൽ മൗറീഷ്യസിൽ കാണുന്ന ശ്രദ്ധ അവിടെയൊന്നുമില്ലെന്നാണ്. അല്ലാഹുതആല അവർക്ക് പള്ളികളെ ജനനിബിഢമാക്കി വയ്ക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ത്യാഗം ചെയ്യുന്നതിൽ ദരിദ്രരും കുറഞ്ഞവരുമാനക്കാരുമായ അഹ്മദികൾ ആത്മാർത്ഥതയിലും കൂറിലും വളർന്നിട്ടുള്ളതുപോലെ, സമ്പന്നരായ ആളുകളും- വിദ്യാസമ്പന്നരും ഭൗതികമായ നില നല്ല പൊസിഷനിലുള്ളവരും ശുദ്ധപ്രകൃതക്കാരാണ്. ത്യാഗത്തിന്റെ നല്ലനില നാട്ടുന്നവരാണ്. പണവും സാമ്പത്തികമായ ഐശ്വര്യവും അവരെ ദുനിയാവിൽനിന്ന് അകറ്റിക്കൊണ്ട് പോകുന്നതിനുപകരം അധികംപേരും ആത്മാർത്ഥതയിലും കൂറിലും വർദ്ധനവുണ്ടാക്കുകയാണ് ചെയ്തിട്ടുള്ളത്. അല്ലാഹു എപ്പോഴും ഈ ആത്മാർത്ഥതയും കൂറും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. അവരിൽ ഒരിക്കലും അഹങ്കാരം ഉണ്ടാകാതിരിക്കട്ടെ. കാരണം, ദീനിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതും ദുനിയാവിനോടു അടുപ്പിക്കുന്നതും ഈ അഹങ്കാരം തന്നെയാണ്. നിങ്ങൾ നിങ്ങൾക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കാൻ ഞാനവരോടു പറയുകയാണ്. ഒരിക്കലും അഹങ്കാരത്തിന്റെ കീടം ചിന്തയിൽവരാൻ പാടില്ല. അല്ലാഹുവിനോടുള്ള ഭയം മനസ്സിലില്ലെങ്കിൽ, അവന്റെ അനുഗ്രഹം ഒപ്പമില്ലെങ്കിൽ ശയ്ത്വാൻ മനുഷ്യശരീരത്തിൽ രക്തം കറങ്ങിക്കൊണ്ടിരിക്കുന്നതുപോലെ കറങ്ങിക്കൊണ്ടിരിക്കുന്നുവെന്ന് നബി(സ) തിരുമേനി പറഞ്ഞതുപോലെ, ബലഹീനമായ ശരീരത്തെ ചില മറഞ്ഞിരിക്കുന്ന രോഗങ്ങൾ ആക്രമിക്കുന്നതുപോലെ, ശയ്ത്വാനും പെട്ടെന്ന് ആക്രമണം നടത്തുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹം എത്രമാത്രം അധികമാണോ, അത്രമാത്രം ഇസ്തിഗ്ഫാർ ചെയ്യേണ്ടതും അവന്റെ മുമ്പിൽ കുനിയേണ്ടതും നിർബന്ധമാണ്. അല്ലാഹുതആല എല്ലാവരേയും തന്റെ അനുഗ്രഹങ്ങളുടെ തണലിൽ വയ്ക്കുമാറാകട്ടെ.

മുസ്ലിംകളുടെ അവിടെത്തെ ജനസംഖ്യ 16, 17 ശതമാനമാണെന്ന് ഞാൻ പറഞ്ഞുവല്ലൊ. പാക്കിസ്ഥാനിലും ഇന്ത്യയിലുമുള്ള മുല്ലാക്കമാരുടെ അതേ അവസ്ഥതന്നെയാണ് ഇവിടെയും. ജമാഅത്തിനെക്കുറിച്ച് മുല്ലാക്കമാർ പറയുന്ന അടിസ്ഥാനരഹിതമായ കാര്യങ്ങൾ ശരിയാണെന്ന് ആളുകൾ വിശ്വസിക്കുന്നു. അതുകൊണ്ട് അവർ കോപാകുലരായിത്തീരുന്നു. ചിലപ്പോൾ മറ്റു മുസ്ലിംരാഷ്ട്രങ്ങളിൽനിന്ന് ഇവർക്ക് പ്രചോദനം ലഭിക്കുന്നതുകൊണ്ടാകാം ഇത്. ഈയ്യിടെ ഈ നാമമാത്രധാരികളായ മുല്ലാക്കമാരുടെ ജോലി അവർക്ക് അവസരം കിട്ടുന്ന സ്ഥലത്തെല്ലാം അഹ്മദികൾക്കെതിരെ ഫിത്ന ഉണ്ടാക്കുക എന്നതുമാത്രമായിത്തീർന്നിരിക്കുന്നു. മൗറിഷ്യസിലും അഹ്മദികൾക്ക് ശക്തമായ എതിർപ്പുണ്ട്. അഹ്മദികൾക്കെതിരിലും വാഗ്ദത്ത മഹ്ദീ മസീഹിനെതിരിലും അവർക്ക് സന്ദർഭം കിട്ടുമ്പോഴെല്ലാം ചീത്ത പറഞ്ഞുനടക്കുന്നു. എങ്ങനെയെങ്കിലും കലഹമുണ്ടാക്കാനുള്ള ശ്രമമാണ്.

എന്റെ പര്യടനത്തെക്കുറിച്ചുള്ള വാർത്ത പത്രങ്ങളിലും ടിവിയിലും വന്നപ്പോൾ അതിൽ അവർ ശക്തമായി പ്രതികരിക്കുകയുണ്ടായി. ജൽസയുടെ അവസാനദിവസം ഗേയ്റ്റിനടുത്ത് ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചീത്തപറയുകയും ചെയ്തു. എനിക്കെതിരിലും ജമാഅത്തിന്നെതിരിലും മസീഹ് മൗഊദ്(അ)നെതിരിലും, എന്തൊക്കെ പറയാൻ കഴിയുമോ പറഞ്ഞുകൊണ്ടിരുന്നു. ജൽസയുടെ സമാപനദിവസം ഞാൻ ജൽസാസ്ഥലത്തേക്ക് പോകുന്നതിനുമുമ്പേ, ഗേയ്റ്റിനടുത്ത് വൻജനാവലി ഘോഷയാത്രയായി എത്തിയിരുന്നു. ഫിത്ന ഉണ്ടാകുമോ എന്ന് ശങ്കിച്ചു. അവിടെത്തെ അമീർസാഹിബും സംഘാടകരും വളരെ വിഷമിച്ചു. ഇവരുടെ ഈ ചീത്തവിളിയും അനാവശ്യം പുലമ്പലും കാരണത്താൽ ഏതെങ്കിലും അഹ്മദി കോപാകുലനായി അതിനെ പ്രതികരിക്കുമോ എന്നതായിരുന്നു ഭയം. അങ്ങനെ വരുമ്പോൾ കുഴപ്പം വർദ്ധിക്കാനിടയുണ്ട്. ഞാൻ അതുവഴി കടന്നുപോകുമ്പോൾ എന്തെങ്കിലും സംഭവിക്കുമോ എന്നും ഭയപ്പെട്ടിരുന്നു. എന്തായാലും ഇതൊഴിവാക്കുന്നതിനായി ഞാൻ പോകേണ്ട വഴി അവർ മാറ്റി. ഇതുകൊണ്ടാണ് വഴിമാറ്റിയതെന്ന് അവസാനനേരത്താണ് അവർ എന്നോട് പറഞ്ഞത്. അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണുണ്ടായത്, അവരുടെ ബഹളവും ചീത്തവിളിയുമൊക്കെ ഉണ്ടായിട്ടും അഹ്മദികൾ അങ്ങേയറ്റത്തെ ക്ഷമയുടെ മാതൃക കാഴ്ചവെച്ചു. യഥാർത്ഥത്തിൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠമനുസരിച്ച് പ്രവർത്തിച്ചുകാണിച്ചു. ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും ഇത്തരം ഒരവസരത്തിൽ എതിരാളികൾ ശക്തമായ കുഴപ്പമുണ്ടാക്കാൻ ശ്രമം നടത്തിയിരുന്നു. അന്ന് അഹ്മദികൾ ക്ഷമയുടെ ഉദാത്തമായ മാതൃകയാണ് കാണി

ച്ചത്. അതുകണ്ടപ്പോൾ ജമാഅത്തംഗങ്ങളെ ഹസ്റത്ത് മസീഹ് മൗഊദ്(അ) സ്തുതിനിർഭരമായ വാക്കുകൾകൊണ്ടനുഗ്രഹിച്ചിരുന്നു. ഇന്നും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠമനുസരിച്ച് ലോകത്തെ ദൂരെ ദൂരെയുള്ള രാജ്യങ്ങളിലും അല്ലാഹു ജമാഅത്തിലെ അംഗങ്ങൾക്ക് ക്ഷമയുടെ മാതൃക കാഴ്ചവയ്ക്കാൻ തൗഫീഖ് നല്കിക്കൊണ്ടിരിക്കുന്നു. ഏതെങ്കിലും അഹ്മദിയിൽനിന്ന് ഏറ്റവും ചെറിയ പ്രതികരണം ഉണ്ടായിരുന്നുവെങ്കിൽ അത് വൻകലാപമായി തീരുമോ എന്ന ശങ്കയുണ്ടായിരുന്നു. അത് ജമാഅത്തിന്റെമേൽ വലിയ കറുത്തപാടുണ്ടാക്കുമായിരുന്നു. കാരണം നമ്മൾ എപ്പോഴും സമാധാനത്തിന്റേയും ഐക്യത്തിന്റേയും സന്തോഷത്തിന്റേയും സ്നേഹത്തിന്റേയും മുദ്രാവാക്യം വിളിക്കുന്നവരാണ്. അക്രമത്തെ വിട്ടുവീഴ്ചകൊണ്ട് പകരം വീട്ടിയ ആ മഹാനായ പ്രവാചകൻ(സ)ന്റെ അനുയായികളാണ്. ദുനിയാവിലെ ഓരോ മുക്കിലും മൂലയിലും ഓരോ രാജ്യത്തും ഈ അതിക്രമം കാണിക്കുന്നവർക്ക് മാപ്പുകൊടുത്തുകൊണ്ടിരിക്കേണ്ടവരാണ് നമ്മൾ. ഈ മാപ്പുകൊടുക്കുന്നത് നമ്മുടെ എന്തെങ്കിലും ബലഹീനത കൊണ്ടല്ല, മറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയ ഇസ്ലാമിന്റെ ശരിയായ പാഠമനുസരിച്ച് പ്രവർത്തിച്ചുകൊണ്ടാണ്. നബി(സ) തിരുമേനി നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള മാതൃകയനുസരിച്ചാണ് നാം മാപ്പുകൊടുക്കുന്നത്.

ഏതെങ്കിലും എതിരാളി ഏതെങ്കിലും അഹ്മദിയുടെ നെഞ്ചുപിളർന്നു നോക്കിയാൽ കാണാൻ സാധിക്കുമെങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ അഹ്മദികൾ ഏതു രീതിയിലാണ് ക്ഷമ കാഴ്ചവയ്ക്കുന്നതെന്ന് കാണാൻ കഴിയുമെങ്കിൽ ഏത് എതിരാളിയ്ക്കും ഏത് അഹ്മദിയുടേയും നെഞ്ച് പിളർന്നു നോക്കാവുന്നതാണ്. ക്ഷമ കാണിക്കേണ്ടവരും, ക്ഷമ കാണിച്ചുകൊണ്ടേയിരിക്കേണ്ടവരുമാണെന്ന കാര്യം എപ്പോഴും അഹ്മദികൾ ഓർക്കേണ്ടതാണ്. ഇതായിരിക്കണം നിങ്ങളെ മറ്റുള്ളവരിൽ പ്രത്യേകപ്പെടുത്തുന്നത്. നിയമത്തെ ഒരിക്കലും കൈയിലെടുക്കാൻ പാടില്ല. നിയമപാലകർ നിങ്ങളോട് നിങ്ങൾതന്നെ നിങ്ങളുടെ കാര്യം നോക്കിക്കോ എന്നു പറഞ്ഞാൽ അഹ്മദികൾക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ഫിത്നയെ ഒരു മിനിറ്റുകൊണ്ട് അവസാനിപ്പിക്കാനും കഴിയും.

എന്തെങ്കിലും ബലഹീനതകൊണ്ടാണ് ക്ഷമിക്കുന്നതെന്ന തെറ്റായ ധാരണ ഞങ്ങൾക്കില്ല, എതിരാളികൾക്കും ഇതുണ്ടാകാൻ പാടില്ലാത്തതാണ്.

അങ്ങനെ മൗലവി ലൗഡ്സ്പീക്കറിലൂടെ ചീത്തവിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. അതും ഇതും പുലമ്പിക്കൊണ്ടിരുന്നു. ഗേയ്റ്റിനുവെളിയിൽനിന്ന് ഇവർ മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കുമ്പോൾ, നാം ക്ഷണിച്ച ചില സർക്കാർ ഉദ്യോഗസ്ഥന്മാരും വരുന്നുണ്ടായിരുന്നു. നമ്മുടെ ക്ഷണം സ്വീകരിച്ച് മറ്റു ആദരണീയ വ്യക്തികളും വന്നുകൊണ്ടിരുന്നു. ഈ ബഹളം നടക്കുന്നതിനിടയിലൂടെയുള്ള അവരുടെ വരവ് ധൈര്യത്തെയാണ് വിളിച്ചോതുന്നത്. അവർ അതിനെ വകവെച്ചില്ല, അതിന്നിടയിലൂടെവന്ന് നമ്മുടെ ജൽസയിൽ പങ്കെടുത്തു. ഞാൻ വരുന്നതും പ്രതീക്ഷിച്ച് ഈ മൗലവിമാർ കുറേനേരം നിന്നു. സമയം കുറേക്കഴിഞ്ഞപ്പോൾ, മുദ്രാവാക്യം വിളിക്കാൻ തുടങ്ങി. അഹ്മദികളും ഖലീഫയും പേടിച്ചുപോയി. ഇനി വരില്ല. അതുകൊണ്ട് നമുക്ക് മടങ്ങിപ്പോകാം. എന്നൊക്കെ ചിലർ പറയുന്നുണ്ടായിരുന്നു. അത് നിസ്കാരത്തിന്റെ സമയമായിരുന്നു. അതുകൊണ്ട് അല്പസമയം എങ്ങും നിശ്ശബ്ദമായി. ഇവർ മുദ്രാവാക്യം വിളിക്കുമ്പോൾ കുറച്ചാളുകൾ ബയ്അത്ത് ചെയ്യുവാൻ അകത്തുവന്നത് ദൈവവിധിയായിരുന്നു. അങ്ങനെ ബയ്അത്ത് ആരംഭിച്ചു. ലൗഡ്സ്പീക്കറിലൂടെ ശബ്ദം വെളിയിൽ കേട്ടു. അവർ ലജ്ജിതരായിട്ടുണ്ടാകും. ലജ്ജ എന്ന പദം ഇവർക്ക് ചേരുക സാധ്യമല്ല. മറ്റൊരു വാക്കാണ് വേണ്ടത്. ഞാനുള്ളിൽത്തന്നെയുണ്ടെന്ന് അവർക്ക് വ്യക്തമായി. ഇതെങ്ങനെ ഇവിടെയെത്തി എന്നോർത്ത് അവർ വിഷമവൃത്തത്തിലായി. കുറച്ചു നേരത്തിനുശേഷം അവരുടെ ഒച്ചയും ബഹളവും അവസാനിച്ചു. ഒന്നുകിൽ വിളിച്ചുപറഞ്ഞ് വിളിച്ചു പറഞ്ഞ് അവർ ക്ഷീണിച്ചിട്ടുണ്ടാകുമെന്നും ഇല്ലെങ്കിൽ നാണംകെട്ട് തിരിച്ചുപോയിട്ടുണ്ടാകുമെന്നും അമീർ സാഹിബ് പറയുകയുണ്ടായി.

ജൽസാപരിപാടികൾ ആരംഭിച്ചപ്പോൾ, ഞാൻ എന്റെ പ്രസംഗത്തിൽ സ്നേഹത്തെക്കുറിച്ചും സാഹോദര്യത്തെക്കുറിച്ചും സംസാരിച്ചതുകേട്ട് അനഹ്മദികളായ അതിഥികൾ വിസ്മയിച്ചു. വെളിയിൽ കേട്ടുവന്നപോലെയല്ല, ഇതൊരു വേറെ ലോകമാണെന്ന് മനസ്സിലാക്കുന്നതായി അവരുടെ മുഖം വിളിച്ചുപറയുന്നുണ്ടായിരുന്നു. വെളിയിൽ നടക്കുന്ന കോലാഹലത്തെക്കുറിച്ച് സൂചിപ്പിക്കുകപോലും ചെയ്തില്ലല്ലോ എന്നവർ ചിന്തിക്കുന്നുണ്ടാകും. എന്റെ പ്രസംഗത്തിനുശേഷം നിരവധി അതിഥികൾ എന്റെയടുത്തുവന്നു. അങ്ങ് വളരെ നല്ല ഉപദേശമാണ് കൊടുത്തതെന്ന് പറഞ്ഞ് അവർ നന്ദി പറഞ്ഞു.

മൗലവിമാരുടെ ഈ മുദ്രാവാക്യത്തിനിടയിലും

ചില മാന്യരായ അനഹ്മദി മുസ്ലിംകൾ ഈ ജൽസയിൽ പങ്കെടുത്തിരുന്നു. അവർ എന്നെ ജൽസയ്ക്കു ശേഷം കാണുകയും പ്രകീർത്തിക്കുകയും ചെയ്തു. ബാഹ്യത്തിൽ കട്ടർ മുസ്ലിം എന്ന് തോന്നിക്കുന്ന ഒരാൾവന്നു. വളരെ മാന്യമായ രീതിയിൽ പെരുമാറി. ദുരുദ്ദേശ്യത്തോടെയാണ് വന്നതെന്ന് ഞാൻ കരുതി. പക്ഷേ, വളരെ മാന്യമായി അദ്ദേഹം സംസാരിച്ചു. നന്ദി പറഞ്ഞുകൊണ്ട് തിരിച്ചുപോയി. സന്ദേശമെത്തിക്കുമെന്നുള്ള വാഗ്ദാനം ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ളതാണ്. ഇവർ നമ്മളേയോ മറ്റുള്ളവരേയോ എത്രമാത്രം ഭയപ്പെടുത്താൻ ശ്രമിച്ചാലും അല്ലാഹു അവന്റെ പ്രവൃത്തി ചെയ്തുകൊണ്ടേയിരിക്കുന്നു. ഇവർക്ക് അവന്റെ മുമ്പിൽ തരിമ്പും വിലയില്ല.

അല്ലാഹുവിന്റെ പദ്ധതികളിൽ മനുഷ്യപ്രയത്നത്തിന് ഒട്ടും തടസ്സമുണ്ടാക്കാൻ സാദ്ധ്യമല്ല. അതിന്റേതായ സമയത്ത് ഇൻശാഅല്ലാഹ് അതിന്റെ ഫലവും വെളിപ്പെട്ടുക്കൊണ്ടിരിക്കുന്നതാണ്. മൗറീഷ്യസിലെ പ്രസിഡന്റ് ഹിന്ദുമത വിശ്വാസിയാണ്. അദ്ദേഹവുമായിട്ടും കൂടിക്കാഴ്ച നടന്നു. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇവിടെ സന്ദർശിച്ച ഘട്ടത്തിൽ ഇദ്ദേഹം ഇവിടത്തെ പ്രധാനമന്ത്രിയായിരുന്നു. ആ പര്യടനത്തെക്കുറിച്ചും അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു. അത്തരം പുണ്യാത്മാവ് മുഖേനയുള്ള അനുഗ്രഹങ്ങളിൽനിന്ന് സമൃദ്ധി കരസ്ഥമാക്കുന്നതിനുവേണ്ടി ഞങ്ങൾ അദ്ദേഹവുമായി ആ സന്ദർഭത്തിലെടുത്ത ഫോട്ടോ എല്ലാവരും കാണത്തക്കവിധം വീട്ടിൽ ഫ്രെയിം ചെയ്ത് വെച്ചിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ ഭാര്യ പറയുകയുണ്ടായി. എന്തായാലും അവർക്ക് അവരുടേതായ ഒരു വീക്ഷണമുണ്ട്. സ്നേഹവും സന്തോഷവും അവർ പ്രകടിപ്പിച്ചു. അല്ലാഹുതആല ഇത്തരം മാന്യരായ വ്യക്തികളുടേയും മനസ്സ് തുറക്കുമാറാകട്ടെ. അവിടത്തെ ഉപരാഷ്ട്രപതിയും മുസ്ലിമാണ്. അദ്ദേഹവുമായിട്ടും നല്ല അന്തരീക്ഷത്തിൽ ഇസ്ലാമിനെക്കുറിച്ചും അഹ്മദിയ്യത്തിനെക്കുറിച്ചും സംസാരം നടന്നു. കൂടുതലും മുസ്ലിംകളെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത്.

ഈ മാന്യരായ ആളുകൾ ഉഗ്രവാദികളായ മൗലവിമാരുടെ പ്രവർത്തനങ്ങളിൽ ലജ്ജിക്കുന്നുമുണ്ടാകും. എന്തെങ്കിലും നന്മ കരുതിയായിരിക്കും അവർ മൗനം പാലിക്കുന്നത്. ഈ മൗലവിമാരെ കെട്ടഴിച്ചുവിട്ടാൽ അവർ ഇവരുടെ കഴുത്ത് കീഴ്പ്പെടുത്തുമെന്ന കാര്യം ഇവർ ഓർക്കേണ്ടതാണ്. പിന്നീട്, ജീവൻ വിടുവിക്കാൻപോലും പ്രയാസപ്പെടും. പാക്കിസ്ഥാനിൽ മാത്രമല്ല. ഉദാഹരണം നമ്മുടെ മുമ്പിൽത്തന്നെയുണ്ട്. എവിടെയൊക്കെ അവർക്ക് സ്വാതന്ത്ര്യം നല്കിയിട്ടുണ്ടോ അവിടെയൊക്കെ അവർ ഇത്തരം പ്രവർത്തനങ്ങളാണ് ചെയ്യുന്നത്. അവർ അത് ചെയ്യുകയും, അവരുടെ തനിസ്വഭാവം കാണിക്കുകയും ചെയ്യും. ഞങ്ങളോടൊപ്പം അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. ഞങ്ങൾക്കൊരു നഷ്ടവും വരുത്താൻ ഇവർക്ക് സാധിക്കുകയില്ല. എതിർപ്പുകളുണ്ടായിട്ടും അഹ്മദിയ്യാ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകം മുഴുവൻ വളർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ, ഇവരിൽനിന്ന് സഹായം തേടുകയും ഇവരെ പിന്നിൽനിർത്തുകയും ചെയ്തിട്ടുള്ള ഭരണകൂടങ്ങൾക്ക് എന്നെന്നും നാശമേ ഉണ്ടായിട്ടുള്ളൂ. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഒരിക്കൽ പറഞ്ഞു: പാക്കിസ്ഥാൻ ഭരണകൂടം ഇക്കൂട്ടരിൽനിന്ന് തങ്ങളുടെ ജീവൻ മോചിപ്പിച്ചില്ലെങ്കിൽ, ഇവർ ഒരിക്കലും അവരെ വിടുകയില്ല. ഇന്ന് അതുതന്നെയാണ് നടന്നുവരുന്നത്. ഭരണകൂടവും വിഷമസന്ധിയിലാണ്. തങ്ങളുടെ നേട്ടങ്ങൾക്കുവേണ്ടി ഇവരെ മുമ്പിൽക്കൊണ്ടുവന്ന പാശ്ചാത്യരാഷ്ട്രങ്ങളും വിഷമം പ്രകടിപ്പിക്കുന്നു. എന്നാൽ, ഇപ്പോൾ ഇവരിൽനിന്ന് സർക്കാരിന് രക്ഷപ്പെടാൻ കഴിയുന്ന ഒരു മാർഗ്ഗവും കാണുന്നില്ല. പരിശോധിച്ചുനോക്കിയാൽ, ഇക്കൂട്ടർ കാരണത്താൽ രാജ്യത്തിന്റെ പുരോഗതി ഒരുപാടുവർഷം പിന്നോട്ടുപോയതായി കാണാം. മറ്റു മുസ്ലിം രാഷ്ട്രങ്ങളിലും ഇതുതന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ രാഷ്ട്രങ്ങൾ തങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിച്ചില്ലെങ്കിൽ, മുല്ലായിസത്തെ രാഷ്ട്രീയത്തിൽനിന്നും ഭരണത്തിൽനിന്നും മാറ്റിയില്ലെങ്കിൽ ഈ രാഷ്ട്രങ്ങളിലെയെല്ലാം സമാധാനം തകരുന്നതാണ്. ഇവർക്കൊരിക്കലും പുരോഗതി കൈവരിക്കാനൊക്കുകയില്ല. ഇതിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. അത് ലോകത്തിന് കാണാൻ കഴിയുന്നുണ്ട്. ഇപ്പോഴെങ്കിലും മുസ്ലിം രാഷ്ട്രങ്ങളും ഭരണകൂടങ്ങളും ബുദ്ധിയോടുകൂടി പ്രവർത്തിക്കേണ്ടതാണ്. ഈ എതിർപ്പിന്റെ ഒരു സ്വാധീനവും അഹ്മദിയ്യാ ജമാഅത്തിന്റെമേൽ ഉണ്ടാകുകയില്ല. ഇൻശാഅല്ലാഹ്. ഈ എതിർപ്പിന്നിടയിലും പുറത്തുന്നിന്നുവന്നവരിലും നാട്ടുകാരിലും ചിലർ ബയ്അത്ത് ചെയ്തു. ബയ്അത്തിനുശേഷം അനഹ്മദിയായ ഒരു യുവാവ് ഒരു അഹ്മദി സുഹൃത്തിനോടൊപ്പം എന്നെ കാണുന്നതിനായി വന്നു. താങ്കൾ ബയ്അത്ത് ചെയ്തില്ലേ എന്ന് ഞാൻ ചോദിച്ചു. ചില കാര്യങ്ങൾ കാരണം

എനിക്ക് ചില സംശയങ്ങളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ തമാശയെന്നോണം അദ്ദേഹത്തോടു പറഞ്ഞു: ഇന്ന് മൗലവിമാരുടെ ചെയ്തികൾ താങ്കൾ കണ്ടുകഴിഞ്ഞു. ഞങ്ങൾ പറയുന്നതും കേട്ടു. ഇപ്പോഴും താങ്കൾക്ക് തൃപ്തിയായില്ലേ? അദ്ദേഹം ലജ്ജിതനായി. താങ്കളെ സൽപ്രകൃതക്കാരനായിട്ടാണ് ഞാൻ കാണുന്നത്. സംശയം തീരുന്നതിന് അല്ലാഹുവിനോട് ദുആ ചെയ്യുക എന്ന ഒരേയൊരു ചികിത്സയേയുള്ളൂ. കുറച്ചു ദിവസം ദുആ ചെയ്തതിനുശേഷം പിന്നീട് തീരുമാനമെടുക്കുക. താങ്കളുടെ മനസ്സ് തുറക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെ രണ്ട് ദിവസത്തിനുശേഷം അദ്ദേഹം വരികയും സംശയം തീർന്നുവെന്നും ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നുവെന്നും പറയുകയും ചെയ്തു. 'സൽപ്രകൃതക്കാരായവർ അവസാനം വരികതന്നെ ചെയ്യുമെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ മൗലവി എത്രമാത്രം ശക്തിചെലുത്തിയാലും അത്തരക്കാർ വരേണ്ടതുതന്നെയാണ്. പക്ഷേ, ഈ ദുഷ്പ്രകൃതക്കാരായവരുടെ അന്ത്യം വളരെ ഭയാനകമായിത്തീരാൻ പോകുകയാണ്. ഇൻശാഅല്ലാഹ്.

മൗറിഷ്യസിലെ ഒരു ചെറിയ ദ്വീപാണ് റോവിങ്സ്. ചെറിയ വിമാനത്തിൽ ഒന്നരമണിക്കൂർ യാത്ര ഇവിടേക്കുണ്ട്. രാവിലെ മുതൽ വൈകുന്നേരം വരെയായിരുന്നു അവിടെ പര്യടനം. ചെറിയ ജമാഅത്താണ്. പുതിയ ജമാഅത്താണ്. വിശ്രമത്തിനും ഭക്ഷണത്തിനും ഹോട്ടലിലായിരുന്നു സംവിധാനം. നിസ്കരിക്കാൻ പള്ളിയിൽ പോകുമായിരുന്നു. നമ്മുടെ സുഹൃത്തുക്കൾക്ക് ആ ഹോട്ടലിൽ വിദ്യാസമ്പന്നനായ ഒരു മിസ്രിയെ കിട്ടി. അദ്ദേഹം സ്വയം എന്നെക്കുറിച്ച് നമ്മുടെയാളുകളോട് സംസാരിക്കാൻ തുടങ്ങി. താങ്കൾക്കെങ്ങനെ മനസ്സിലായി എന്ന് നമ്മുടെയാളുകൾ ചോദിച്ചപ്പോൾ, പത്രങ്ങളിലൂടെയും, ടെലിവിഷനിലൂടെയുമെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന് എം.ടി.എയുടെയും അൽഇസ്ലാം വെബ്സൈറ്റിന്റേയും മേൽവിലാസം നല്കി. ഇപ്രകാരം പര്യടനത്തിൽ മറ്റുള്ളവർക്ക് അഹ്മദിയ്യത്തിനെക്കുറിച്ച് പരിചയപ്പെടുത്താനും അവസരം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ആ ദ്വീപിലെ ഗവർണർ ആദ്യം പാതിരിയായിരുന്നു. അദ്ദേഹത്തോടും ജമാഅത്തിനെക്കുറിച്ച് വിശദമായി സംസാരിച്ചു. സന്ദേശമെത്തിച്ചു. മൗറീഷ്യസിലും മറ്റു ദ്വീപുകളിലും സന്ദർശന പരിപാടിയും തയ്യാറാക്കി. അവിടെ വിവിധ നാടുകളിൽനിന്ന് ടൂറിസ്റ്റുകൾ എത്താറുണ്ട്. അവരും പരിചയപ്പെടാൻ ശ്രമിച്ചിരുന്നു. അല്ലാഹുതന്നെയാണ് അവരുടെ ശ്രദ്ധ ഈ ഭാഗത്തേക്ക് തിരിച്ചുവിട്ടത്. അവർ നേരിൽ വരികയും ചോദിക്കുകയും ഫോട്ടോ എടുക്കാനാഗ്രഹിക്കുകയും ചെയ്തു. ചുരുങ്ങിയ നിലയിൽ അവിടെ ജമാഅത്തിനെ പരിചയപ്പെടുത്താനും എനിക്കും കൂടെയുള്ളവർക്കും അവസരം കിട്ടിക്കൊണ്ടിരുന്നു. തോദിക്സ് ചെറിയൊരു ദ്വീപാണ്. അവിടെ പുതിയതായി ജമാഅത്ത് സ്ഥാപിതമായതാണ്. ഒരു പള്ളി അവിടെയുണ്ട്. മറ്റൊരു പള്ളിക്ക് ഞാൻ തറക്കല്ലിട്ടു. തികച്ചും ചെറുതാണ് ഈ ദ്വീപ്. ഏകദേശം 36000 മാണ് ഇവിടത്തെ ജനസംഖ്യ. ഇവിടെ അഹ്മദിയായവരിൽ അധികവും ദരിദ്രരാണ്. ഈ ദ്വീപ് മുഴുവനും ക്രിസ്ത്യാനികളായിരുന്നു. ഇപ്പോൾ അവിടെ കുറച്ച് അഹ്മദികളുണ്ട്. തർബിയ്യത്തുപരമായ നിലയിൽ അവർ ഇപ്പോൾ ബലഹീനരാണ്. അവരെ മനസ്സിലാക്കാനും തൗഫീഖ് കിട്ടി. അവരെ ഉർത്തിക്കൊണ്ടുവരാൻ പ്രോഗ്രാം തയ്യാറാക്കി. ഇവർ ബയ്അത്ത് ചെയ്തതിനുശേഷം ആത്മാർത്ഥതയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. അവിടെ ചെന്നപ്പോൾ സന്തോഷമുണ്ടായി. ദുആയും ചെയ്തു. ഈ ചെറിയ ദ്വീപ് എത്രയും വേഗം അഹ്മദിയ്യത്തിന്റെ മടിത്തട്ടിലേക്ക് വരാൻ പരിശ്രമിക്കേണ്ടതാണ്. ചെറിയ ദ്വീപാണെങ്കിലും വലിയ ദ്വീപാണെങ്കിലും ചെറിയ രാജ്യമാണെങ്കിലും വലിയ രാജ്യമാണെങ്കിലും അവിടെത്തെ ജനങ്ങളിൽ ഭൂരിപക്ഷവും അഹ്മദിയ്യത്തിന്റെ മടിത്തട്ടിലേക്ക് വരേണ്ടവർതന്നെയാണ്. അല്ലാഹുതആല നമ്മുടെ ജീവിതത്തിൽതന്നെ ആ കാഴ്ച കാണിക്കുമാറാകട്ടെ. അങ്ങനെ അഹ്മദിയ്യത്തിന്റെ വിജയം കാണാൻ ഭാഗ്യം ലഭിക്കുമാറാകട്ടെ.

മൗറിഷ്യസിൽ ജമാഅത്ത് ഒരു ഹോട്ടലിൽ റിസപ്ഷനുള്ള ഏർപ്പാട് ചെയ്തിരുന്നു. അവിടത്തെ സാംസ്കാരിക നായകന്മാരും സർക്കാർ ഉദ്യോഗസ്ഥന്മാരും ഉപപ്രധാനമന്ത്രിയും അവിടെ സന്നിഹിതരായിരുന്നു. അവരുടെ പിന്നിലേക്കുള്ള നാലാമത്തെ തലമുറ സ്കോട്ട്ലാന്റിൽനിന്ന് വന്നവരാണെന്ന് തോന്നുന്നു. അവരിപ്പോൾ ഇവിടത്തന്നെയാണ് താമസിക്കുന്നത്. അവിടെയും ഇസ്ലാമിന്റെ പാഠമായ സ്നേഹത്തിന്റേയും ശാന്തിയുടേയും സന്ദേശമെത്തിക്കാൻ ഭാഗ്യം കിട്ടി. ഉപപ്രധാനമന്ത്രി പിന്നീട് അരമുക്കാൽ മണിക്കൂർ ഇസ്ലാമിനെക്കുറിച്ചും ജമാഅത്തിന്റെ അദ്ധ്യാപനങ്ങളെക്കുറിച്ചും അഹ്മദിയും അനഹ്മദിയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. നല്ല സംസാരമായിരുന്നു അത്.

പര്യടനവേളകളിൽ എല്ലാതരം ആളുകൾക്കും സന്ദേശമെത്തിക്കാനുള്ള അവസരം ലഭിക്കുന്നു. വ്യവസ്ഥാപിതമായി സന്ദേശമെത്തിക്കുക എന്ന ഈ പ്രവർത്തനം നടക്കുകയാണെങ്കിൽ, അത് വലിയ ഗുണം ചെയ്യുന്നതാണ്. കാരണം പത്രമാധ്യമങ്ങൾ നല്ല കവറേജ് ചെയ്യുന്നു. ലക്ഷക്കണക്കിനാളുകൾക്ക് സന്ദേശമെത്തുന്നു.

മൗറീഷ്യസ് ലോകത്തിന്റെ അറ്റമാണെന്നും പറയാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ നാട്ടിലുള്ളവർക്കും മറ്റു രാജ്യങ്ങളിൽനിന്ന് വന്നവർക്കും ആ അതിർത്തിയിലെത്തി സന്ദേശമെത്തിക്കാനുള്ള തൗഫീഖ് ലഭിച്ചു. നമ്മുടെ ജോലി എങ്ങും വിളിച്ചു പറയുക എന്നതാണ്. അല്ലാഹു എല്ലാവരുടേയും മനസ്സുകൾ തുറക്കുമാറാകട്ടെ. അവർ ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനം തിരിച്ചറിയുന്നവരായിത്തീരട്ടെ. മൗറിഷ്യസിലെ പര്യടനവും ജൽസയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വിജയകരമായിരുന്നു. ചില കാര്യങ്ങൾ മറന്നുപോകും. പക്ഷേ, റിക്കോർഡിലുണ്ടാകും. പിന്നീട് മെല്ലെമെല്ലെ ഓർമ്മ വരുന്നതാണ്. മൗറീഷ്യസ് ജമാഅത്തിലെ ഓരോ വ്യക്തിക്കും അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ. അവർ വളരെ ആത്മാർത്ഥതയും കൂറും കാഴ്ചവെച്ചു. ഡ്യൂട്ടി ചെയ്തിരുന്നവരെല്ലാം ദിവസം ഓന്നോ രണ്ടോ മണിക്കൂർ മാത്രമായിരിക്കും ഉറങ്ങിയിട്ടുണ്ടാകുക. ഞാൻ തിരിച്ചുവരേണ്ട ദിവസം വിമാനം വെളുപ്പിന് രണ്ടരമണിക്കായിരുന്നു. മഗ്‌രിബ് ഇശാ നിസ്കാരത്തിനുശേഷം ഞാൻ അവിടെതന്നെ ജനങ്ങൾക്ക് ഖുദാഹാഫിള് പറഞ്ഞിരുന്നു. രാത്രിയിൽ എയർപോർട്ടിലാരും എത്തുകയില്ലെന്നാണ് കരുതിയത്. പക്ഷേ, എന്റെ അത്ഭുതത്തിന് അതിരുണ്ടായിരുന്നില്ല, ഞാൻ എയർപോർട്ടിൽ രണ്ട് മണിക്കെത്തിയപ്പോൾ പകൽ സംഘടിക്കുന്നതുപോലെതന്നെ രാത്രിയിലും അവരെല്ലാവരും എത്തിയിരുന്നു. കുട്ടികളും സ്ത്രീകളും വൃദ്ധരും പുരുഷന്മാരും യുവാക്കളുമെല്ലാം രാത്രി 1 മണി മുതൽതന്നെ വന്നുതുടങ്ങിയതായി ആരോ പറഞ്ഞു. കുട്ടികൾ തികച്ചും ഫ്രഷായിരുന്നു. ഉറക്കച്ചടവൊന്നും അവരുടെ മുഖത്തുണ്ടായിരുന്നില്ല. എല്ലാവരും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അങ്ങേയറ്റത്തെ ആത്മാർത്ഥതയും കൂറുമാണ് കാണിച്ചത്. വികാരനിർഭരമായ ദുആയോടെ യാത്രയയച്ചു. അല്ലാഹു എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. എത്രയും വേഗം അഹ്മദിയ്യാ സന്ദേശം ഈ ദ്വീപുകൾ മുഴുവൻ പരത്തുമാറാകട്ടെ.

മൗറീഷ്യസിൽനിന്ന് പുറപ്പെട്ട് ഞങ്ങൾ രാവിലെ പതിനൊന്നു മണിക്ക് ഡൽഹിയിലെത്തി. ഖാദിയാനോട് അടുത്തുകൊണ്ടിരിക്കുന്നുവെന്നോർത്തപ്പോൾ അവിടെ വികാരത്തിന്റെ പുതിയൊരാവേശമായിരുന്നു. ഡൽഹിയിൽ രണ്ടുമൂന്ന് ദിവസം താമസിച്ചു. ഈ ദിനങ്ങളിൽ ജൽസയിൽ വരാൻ സാധിക്കാത്ത വിവിധ സ്ഥലങ്ങളിൽനിന്ന് വന്ന അഹ്മദികളുമായി കൂടിക്കാഴ്ചയും നടന്നു. ചരിത്രപ്രാധാന്യമുള്ള ചില സ്ഥലങ്ങൾ സന്ദർശിക്കാനും ഇടകിട്ടി. ആഗ്രയിലെ താജ്മഹലും ഡൽഹിയിലെ ചില ചരിത്രസ്മാരകങ്ങളും കണ്ടു. മിനാർ, കോട്ട തുടങ്ങിയവ. കുത്തബ്മിനാർ കാണുന്നതിനു വേണ്ടി ഞാൻ പോയപ്പോൾ, അവിടെ കണ്ടതിനു ശേഷം സംഘാടകർ വിചാരിച്ചത് ഇവിടന്ന് തിരിച്ച് ഡൽഹിയിൽ പോകണമെന്നാണ്. എന്നാൽ, ഹസ്റത്ത് ബഖ്തിയാർ കാക്കിയുടെ ഖബ്റിങ്കലും പോകണമെന്ന് എനിക്കുതോന്നി. ഞാൻ പറഞ്ഞപ്പോൾ, സംഘാടകർ പരസ്പരം മുഖം നോക്കാൻ തുടങ്ങി. കാരണം അവർ കരുതിയത് അവിടെ പോകാൻമാത്രം സെക്യൂരിറ്റിയില്ല എന്നാണ്. ചെറിയ ചെറിയ ഇടവഴികളിലൂടെയാണ് അവിടെ പോകേണ്ടത്. ചുറ്റും കടകളാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലവുമാണ്. ഖബ്ർ നിലകൊള്ളുന്നതിന് നൂറുമീറ്റർ മുമ്പേതന്നെ ചെരുപ്പ് ഊരേണ്ടിവരും. അതുകൊണ്ടൊന്നും പ്രശ്നമില്ലെന്ന് ഞാനവരോട് പറഞ്ഞു. അങ്ങനെ ഞങ്ങൾ അവിടെ ഖബ്റിനോട് അടുക്കാറായപ്പോൾ ചിലർ വന്ന് സ്ത്രീകളെ തടഞ്ഞു. സ്ത്രീകൾക്ക് അങ്ങോട്ടു പോകാൻ അനുവാദമില്ലത്രെ.! കാരണം ചോദിച്ചപ്പോൾ അവർ പറഞ്ഞു: ഈ പുണ്യാത്മാവിന്റെ പിന്തുടർച്ചക്കാർ ഞങ്ങളോട് പറഞ്ഞുവന്നത് ഇവിടെന്നിങ്ങോട്ട് സ്ത്രീകളെ കടത്തരുതെന്നാണ്. ഇത് ആരു രിവായത്ത് ചെയ്തു, എവിടെനിന്ന് വന്നു എന്നൊന്നും അറിയില്ല. ഞങ്ങൾ ഖബ്റിടം വരെയെത്തി. അവിടെ പോയി ദുആ ചെയ്യുകയായിരുന്നു. ജനലിനോടു ചേർന്ന് മുസ്‌ലിംകളെന്ന് തോന്നാത്ത ചില സ്ത്രീകൾ നിന്ന് പ്രാർത്ഥിക്കുന്നത് കണ്ടു. ഖബ്റിൽ ദുആ ചെയ്യുന്നവരെ കണ്ടപ്പോൾ ഇവർ അല്ലാഹുവിനോട് ഖബ്ർ വാസിക്കു വേണ്ടി ദുആ ചെയ്യുന്നതിനു പകരം ഖബ്ർ വാസിയോടു തങ്ങളുടെ ആവശ്യം ചോദിക്കുകയാണെന്ന് തോന്നി. അവിടെത്തെ ഈ കാഴ്ച കണ്ടപ്പോൾ ഇങ്ങനെ ദുആ ചെയ്തു. അല്ലാഹുവേ, ഈ മനുഷ്യൻ നിന്റെ ദാസനായിത്തീർന്നു. അതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നു. ഇപ്പോൾ അദ്ദേഹത്തെ ഇക്കൂട്ടർ ശിർക്കിനുള്ള മാർഗ്ഗമാക്കിക്കൊണ്ടിരിക്കുന്നു. ഈ മുസ്‌ലിംകൾക്ക് നീ ബുദ്ധിയും വിവേകവും

നല്കിയാലും; നിന്നെ തിരിച്ചറിയുന്നതിനുവേണ്ടി.

മറ്റു ഒരുപാട് ഖബ്റുകളും കാണാൻ കഴിഞ്ഞു. അവിടെയെല്ലാം മുസ്ലിംകൾ ചെന്ന് ശിർക്ക് പരത്തിക്കൊണ്ടിരിക്കുകയാണ്. വാസ്തവത്തിൽ ഈ മഹാത്മാക്കളെല്ലാം തൗഹീദിൽ നിലനിന്നവരായിരുന്നു. തൗഹീദ് പ്രചരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നവരായിരുന്നു.

അവിടെനിന്ന് തിരിച്ചുവരുമ്പോൾ, 1905-ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇവിടെ വന്നിരുന്നുവെന്ന കാര്യം എനിക്കോർമ്മയുണ്ടായിരുന്നില്ല. മസീഹ് മൗഊദ്(അ) എപ്പോഴാണ് ഇവിടെ വന്നതെന്ന് നോക്കണമെന്നെനിക്കുതോന്നി. നോക്കിയപ്പോൾ എനിക്ക് വളരെ സന്തോഷമുണ്ടായി. ഹസ്റത്ത് മസീഹ് മൗഊദ്(അ)യും 1905 നവംബറിലാണ് ഇവിടെ വന്നിരുന്നത്. തികച്ചും നൂറു വർഷത്തിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ്(അ) പിൻപറ്റിക്കൊണ്ട് ബഖ്തിയാർ കാക്കിയുടെ ഖബ്റിങ്കൽപോയി ദുആ ചെയ്യാൻ അവസരം കിട്ടി. ഹസ്റത്ത് മസീഹ് മൗഊദ്(അ) മറ്റു ഖബ്റുകളിലും പോയിരുന്നു. പക്ഷേ, ഹസ്റത്ത് മുഖ്തിയാർ കാക്കിയുടെ ഖബ്റിങ്കൽ പോയ സംഭവം മൽഫൂസാത്തിൽ ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു.

"1905 നവംബർ 1. ഇന്ന് ഹസ്റത്ത് ബഖ്തിയാർ കാക്കി(റഹ്)യുടെ ഖബ്റിങ്കൽപോയി ദീർഘമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്തു. തിരിച്ചുവരുമ്പോൾ വഴിയിൽവെച്ച് അവിടന്ന് പറഞ്ഞു: ബർക്കത്തുകൾ ഇറങ്ങുന്ന സ്ഥലങ്ങളാണ് ചിലത്. ഈ പുണ്യാത്മാവ് അല്ലാഹുവിന്റെ വലിയ്യ്മാരിൽപ്പെട്ടയാളായിരുന്നു. അതുകൊണ്ടാണ് നാം അദ്ദേഹത്തിന്റെ ഖബ്റിങ്കൽ പോയത്. അദ്ദേഹത്തിനുവേണ്ടിയും അല്ലാഹുവിനോട് ദുആ ചെയ്തു. നമുക്കുവേണ്ടിയും അല്ലാഹുവിനോട് ദുആ ഇരന്നു. മറ്റു ദുആകളും ഒരുപാട് ചെയ്തു. പക്ഷേ, ഇവിടെ രണ്ട് നാല് പുണ്യാത്മാക്കളുടെ ഖബ്റുകളെ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് സന്ദർശനം പെട്ടെന്ന് അവസാനിച്ചു. ഡൽഹിയിലെ ജനങ്ങൾ കഠിനഹൃദയരാണ്. ഇങ്ങനെ വിചാരിച്ചുകൊണ്ടിരുന്നപ്പോൾ തിരിച്ചുവരുന്ന നേരത്ത് വണ്ടിയിൽവെച്ച് ഇൽഹാമുണ്ടായി.

***ദസ്തെതു ദുആയെതു തർഹം സെഖുദാ*** നിന്റെ കൈയാകുന്നു നിന്റെ ദുആ, അല്ലാഹുവിൽ നിന്നുള്ള കാരുണ്യം."

ഡൽഹിവാസികളുടേയും ലോകത്തുള്ള മറ്റുള്ളവരുടേയും മനസ്സ് മാർദ്ദവമുള്ളതാകുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ സ്വീകരിക്കുമാറാകട്ടെ. ലോകത്തിന് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ.

"അതേയാത്രയിൽ ഡാക്ടർ യഅ്ഖൂബ് ബേഗ്സാഹിബിനോടു ചോദിച്ചു. ഇന്നെവിടെയെല്ലാമാണ് നാം സന്ദർശിച്ചത്? അദ്ദേഹം പറഞ്ഞു. ഫിറോസ്ശാഹ്‌യുടെ സ്തംഭം. പഴയഗോപുരം, മുഹാബത് ഖാന്റെ മസ്ജിദ്, ലാൽകില തുടങ്ങിയ സ്ഥലങ്ങൾ കണ്ടു. പറഞ്ഞു: നമ്മൾ ബഖ്തിയാർ കാക്കി, നിസാമുദ്ദീൻ സാഹിബ് ഔലിയാ, ഹസ്റത്ത് ശാഹ് വലിയുല്ലാഹ് സാഹിബ് തുടങ്ങിയ സാഹിബുമാരുടെ ഖബ്റിടങ്ങളിൽ പോകാനാഗ്രഹിക്കുന്നു. ഭൂമിയ്ക്ക് മേലെ വസിക്കുന്ന ഡൽഹിയിലെ ആളുകൾ കൂടിക്കാഴ്ച നടത്തുന്നില്ല, അവർ കൂടിക്കാഴ്ചയ്ക്ക് അർഹരല്ല. അതുകൊണ്ട് ഭൂമിയ്ക്കടിയിൽ വസിക്കുന്ന കഴിഞ്ഞുകടന്ന പുണ്യാത്മാക്കളുമായി നമുക്ക് കൂടിക്കാഴ്ച നടത്താം. കൂടിക്കാഴ്ച കൂടാതെ നാം തിരിച്ചുപോകാൻ പാടില്ല. കഠിനഹൃദയരായ ആളുകളുടെ ഇടയിലുള്ള അവരുടെ ജീവിതം ഒരു ദിവ്യദൃഷ്ടാന്തമായി ഞാൻ മനസ്സിലാക്കുന്നു. അവർക്ക് കിട്ടിയതുപോലുള്ള സ്വീകാര്യത ഈ പട്ടണത്തിൽ നമുക്ക് ലഭിച്ചിട്ടില്ല."

ഡൽഹിയിലെ ചില ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ കാണാൻ അവസരം ലഭിച്ചുവെന്ന് ഞാൻ പറയുകയുണ്ടായി. അതിൽ ചെങ്കോട്ട, തുഗ്ലക്കാബാദിലെ കോട്ട തുടങ്ങിയവയുമുണ്ട്. ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) തുഗ്ലക്കാബാദ്കോട്ട സന്ദർശിക്കാൻ പോയപ്പോൾ ഒരുയർന്ന സ്ഥലത്തുനിന്നുകൊണ്ട് ഡൽഹി നോക്കിക്കാണുകയായിരുന്നു. ആ കാഴ്ചയിൽ ലയിച്ചുകൊണ്ട് മറ്റൊരു ലോകത്തേക്ക് അവിടന്ന് പോയി. പിന്നീട് കൂടെയുണ്ടായിരുന്ന ഒരു മകൾ വിളിച്ചപ്പോഴാണ്, ആ ലോകത്തുനിന്ന് തിരിച്ചുവന്നത്. ആ സമയത്ത് അവിടത്തെ നാവിൽനിന്നും മേ നെ പാലിയാ മേ നെ പാലിയെ- ഞാൻ പ്രാപിച്ചു കഴിഞ്ഞു ഞാൻ പ്രാപിച്ചുകഴിഞ്ഞു എന്ന വാക്കുകൾ പുറത്തുവന്നു. എന്താണ് പ്രാപിച്ചത്? ഈ കോട്ടകളേയും, പുരാതനമായ അവശിഷ്ടങ്ങളേയും മിനാറുകളേയും ആത്മീയലോകവുമായി ഉപമിച്ചുകൊണ്ട് ഹസറത്ത് മുസ്ലിഹ് മൗഊദ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് സാനി(റ) ഒരു പ്രസംഗപരമ്പര ആരംഭിച്ചു. 20 വർഷത്തോളം ഇടവിട്ട് ഇടവിട്ട് ഈ വിഷയം പ്രസംഗിച്ചിരുന്നു. ഈ പ്രസംഗങ്ങളിൽ അവിടന്ന് നമ്മെ ആത്മീയലോകത്തേക്ക് പ്രയാണം ചെയ്യിച്ചിരിക്കുകയാണ്. നമ്മുടെ

ഉത്തരവാദിത്വത്തിലേക്കും ശ്രദ്ധക്ഷണിച്ചിരിക്കുന്നു. 'സേറെ റൂഹാനീ' എന്ന പേരിൽ ഒറ്റ വാളിയത്തിൽ ഇതിപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉർദു അറിയുന്ന എല്ലാവരും ഇത് വായിക്കേണ്ടതാണ്. വായിക്കാനറിയാത്തവർ അത് കേട്ടു മനസ്സിലാക്കേണ്ടതാണ്. ഇതിൽ ഭൗതിക രാജാക്കന്മാരുടെ ചിത്രവും വരച്ചു കാണിച്ചിട്ടുണ്ട്. അതിൽ ഗുണപാഠവുമുണ്ട്. ഭയവുമുണ്ട്. അതിനോടൊപ്പം ആത്മീയലോകത്ത് സന്ദർശനം നടത്തുമ്പോൾ, നമുക്ക് സന്തോഷവും ഉണ്ടാകുന്നു. അതായത് നാം നമ്മുടെ ഉത്തരവാദിത്തം മനസ്സിലാക്കിക്കൊണ്ടിരുന്നാൽ, ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ ചേരാൻ അല്ലാഹു നല്കിയ തൗഫീഖിൽനിന്ന് നാം അനുഗ്രഹം പ്രാപിച്ചുകൊണ്ടിരിക്കും. അതിൽനിന്ന് എന്നെന്നും നിലനില്ക്കുന്ന രാജത്വം കരസ്ഥമാക്കുന്നവരിൽപെടുകയും ചെയ്യും. ഇതുണ്ടാകുന്നത് നാം നമ്മുടെ ഉത്തരവാദിത്തം മനസ്സിലാക്കുമ്പോഴും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുമ്പോഴും നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് നടക്കുമ്പോഴും നബി(സ) തിരുമേനിയെ സ്നേഹിക്കുമ്പോഴുമാണ്.

ഡൽഹിയിലെ ഈ സന്ദർശനം അവസാനിച്ചപ്പോൾ ഞാൻ ട്രെയിനിൽ ഖാദിയാനിലേക്ക് യാത്രയായി. ഖാദിയാനിലെ റിപ്പോർട്ടുകളും കാഴ്ചകളും എം.ടി.എ.യിലൂടെ നിങ്ങൾ കണ്ടിട്ടുണ്ടാകും. ഈ സ്ഥലത്തെത്തുമ്പോൾ അത്ഭുതകരമായ ഒരവസ്ഥയാണുണ്ടാകുന്നത്. മിനാരത്തുൽ മസീഹ് അത്ഭുതപ്രൗഢിയോടെ തലയുയർത്തി നില്ക്കുന്നത് ദൂരെനിന്നു തന്നെ കാണാൻ കഴിയും. ബിഹിശ്തി മഖ്ബറ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ ഖബ്റിടം. അവിടങ്ങളിൽ ദുആ ചെയ്യുമ്പോൾ സമാധാനം ലഭിക്കുന്നു. അവിടെ ചെല്ലുന്നവർ അതനുഭവിച്ചറിയുന്നതാണ്. വാക്കുകളിലൂടെ അത് വിവരിക്കാൻ സാദ്ധ്യമല്ല. ഖാദിയാനിൽ ഏകദേശം ഒരുമാസം താമസിച്ചു. പക്ഷേ, എങ്ങനെ ഒരുമാസം കഴിഞ്ഞുവെന്ന് മനസ്സിലായില്ല. എല്ലാ സ്ഥലത്തും പൂർണ്ണമായി ചുറ്റിക്കറങ്ങാൻ എനിക്കു സാധച്ചില്ല; വാസ്തവത്തിൽ ചെറിയൊരു സ്ഥലമാണ്.

ഈ ഖുത്ബയുടെ തുടക്കത്തിൽ ഞാൻ പറയുകയുണ്ടായി. യാത്രയിലെ സംഭവങ്ങൾ വിവരിക്കണമെന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നു. പക്ഷേ, ഖാദിയാനിലെ യാത്രയിലെ അവസ്ഥകൾ അനുഭവിച്ചറിയേണ്ട കഥയാണ്. വാക്കുകളിലൂടെ വിവരിക്കാൻ പറ്റില്ല. ചുരുക്കിപ്പറഞ്ഞാൽ, ഞാൻ ഇന്നേവരെ ചെയ്തിട്ടുള്ള പര്യടനങ്ങളിൽ, യാത്രകളിൽ, ഈ യാത്രയുടെ ഓർമ്മ എന്നെ ഇപ്പോഴും സങ്കടപ്പെടുത്തുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ സ്ഥലം ഒരത്ഭുതലഹരിയാണ്. ഇതിനേക്കാളധികം ഇതിനെക്കുറിച്ച് പറയുക പ്രയാസമാണ്. എന്തായാലും പട്ടണത്തിന്റെ അവസ്ഥയെക്കുറിച്ച് ചുരുക്കിപ്പറയാം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1991-ൽ അവിടെ സന്ദർശിച്ചതു മുതൽ, കെട്ടിടനിർമ്മാണങ്ങളിൽ വലിയ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. ചില സ്വകാര്യവ്യക്തികളും അവിടെത്തെവാസികളും വീടുകൾ ഉണ്ടാക്കിയിട്ടുണ്ട്. അതൊരുപാട് വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. പക്ഷേ, ഇങ്ങനെയാണെങ്കിലും അവിടെ താമസിക്കുന്നവരിൽ അധികമാളുകളിലും ഇന്നും ലാളിത്യം കാണാം. അല്ലാഹുവിന്റെ ചിഹ്നങ്ങളെ സംരക്ഷിക്കാൻ വേണ്ടി തങ്ങളുടെ വീടും സ്വത്തും ബന്ധുത്വവും എല്ലാം ഉപേക്ഷിച്ച ആ ദർവേശുമാരുടെ അനുഗ്രഹംകൊണ്ട് നിലനില്ക്കുന്ന ഈ ലാളിത്യത്തേയും സമാധാനത്തേയും അവരുടെ മക്കൾ ഓർമ്മവയ്ക്കേണ്ടതാണ്. അത് അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്. അവിടെവന്ന് താമസിക്കുന്ന പുതിയ ആളുകളും ഈ സ്ഥലത്തിന്റെ പരിശുദ്ധിയെ നിലനിറുത്താൻ പരിശ്രമിക്കുക. പല നവമുസ്ലിംകളും അവിടെ വന്നിട്ടുണ്ട്. ചിലർ മുഅല്ലിം ക്ലാസ്സുകളിൽ പ്രവേശനവും നേടീട്ടുണ്ട്. ജാമിഅയിലും പഠിക്കുന്നുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ജമാഅത്തിന്റെ പാരമ്പര്യത്തെ സംബന്ധിച്ച് പൂർണ്ണമായ അറിവ് അവർക്കില്ല. അദ്ധ്യാപനങ്ങളെക്കുറിച്ചും പൂർണ്ണമായും അറിയില്ല. അതുകൊണ്ട് അവർ പഠിക്കുന്നതിനോടൊപ്പംതന്നെ ജമാഅത്തിന്റെ പാരമ്പര്യങ്ങളേയും ജമാഅത്തിന്റെ പരിശുദ്ധിയേയും കുറിച്ച് പൂർണ്ണമായ അറിവ് നേടേണ്ടതാണ്. അത് ആകർഷിച്ചെടുക്കാൻ ശ്രമിക്കുക. അല്ലെങ്കിൽ സ്വയം അതിൽ ലയിപ്പിക്കാൻ ശ്രമിക്കുക.

അധികമാളുകളും ലളിതമായ ജീവിതം നയിക്കുന്നവരാണ്. ശാന്തിയും സമാധാനവും സ്ഥാപിക്കുന്നവരാണ്. ആത്മാർത്ഥതയും കൂറുമുള്ളവരാണ്. അല്ലാഹു അത് വർദ്ധിപ്പിക്കുമാറാകട്ടെ. അവിടെത്തെ അമുസ്ലിം വാസികളും ആതിഥ്യമര്യാദ പാലിച്ചു. ഏത് ഇടവഴിയിലൂടെ കടന്നുപോയാലും അഹ്മദികളോടൊപ്പം അമുസ്ലിംകളുടെ മുഖങ്ങളിലും സന്തോഷവും സ്നേഹവും പ്രകടമായിരുന്നു. അല്ലാഹു അവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. അവിടെ മൂന്നു ദിവസമായിരുന്നു ജൽസയെങ്കിലും മാസം മുഴുവൻ ജൽസ നടക്കുന്നതായി അനു

ഭവപ്പെട്ടു. യൂറോപ്പിൽനിന്ന് പോയ ഒരാൾ എനിക്ക് കത്തെഴുതി. ഖാദിയാനിലെ റോഡുകളിലും ഇടവഴി കളിലും ഉണ്ടായ ജനത്തിരക്ക്, പൂർണ്ണമായും എം. ടി.എയുടെ ക്യാമറായ്ക്ക് കാണിക്കാൻ കഴിഞ്ഞിട്ടി ല്ല. അദ്ദേഹം പറഞ്ഞത് തികച്ചും ശരിയാണ്. ചെറിയ റോഡുകളാണ്. ജനങ്ങളുടെ നടത്തംപോലും തടസ്സ പ്പെട്ടു. ചിലപ്പോൾ ജനത്തിരക്കിന്നിടയിൽ അനങ്ങാൻ പോലും സാധിച്ചിരുന്നില്ലെന്ന് ചിലർ പറയുകയുണ്ടാ യി. കുട്ടികളും സ്ത്രീകളും വൃദ്ധരും പുരുഷന്മാരും ഖാദിയാൻവാസികളും ഇന്ത്യയുടെ വിവിധ സ്ഥല ങ്ങളിൽനിന്ന് വന്നവരും, വിദേശികളും തുടങ്ങി അഹ്മദികളായ ഓരോരുത്തരുടേയും മുഖങ്ങളിൽ നിന്ന് അവർ മറ്റൊരു ലോകത്തെ സൃഷ്ടികളായിരിക്കു ന്നുവെന്ന് വ്യക്തമായിരുന്നു. മറ്റേതോ ലോകത്ത് വസി ക്കുന്നവരുടെ മുഖമാണതെന്ന് തോന്നിയിരുന്നു. ജൽസയിൽ പങ്കെടുക്കാൻ ചെറിയ ദ്വീപുകളിൽ നിന്ന് സുദീർഘമായ യാത്രചെയ്ത് പാവപ്പെട്ടവരും വന്നിരുന്നു. ചിലരുടെ യാത്ര 6,7 ദിവസമായിരുന്നു. ഒരു ദിവസം കടലിലൂടെ യാത്ര ചെയ്തു. പിന്നീട് ട്രെയിൻ കാത്തുനിന്നു. പിന്നീട് ട്രെയിനിൽ പല ദിവസം യാത്ര ചെയ്താണ് അവർ ഇവിടെ ഖാദിയാ നിൽ എത്തിയത്. ഇവരാണെങ്കിൽ ഉഷ്ണപ്രദേശങ്ങ ളിൽ വസിക്കുന്നവരായിരുന്നു. തണുപ്പ് സഹിക്കുന്ന ശീലം ഇവർക്കുണ്ടായിരുന്നില്ല. പക്ഷേ, ഈമാന്റെ ചൂടിന്റെ തീഷ്ണത അവർക്ക് തണുപ്പിനെക്കുറിച്ചുള്ള ബോധം ഇല്ലാതാക്കി. അങ്ങേയറ്റം ക്ഷമയോടുകൂടി അവർ ഈ ദിനങ്ങൾ കഴിച്ചുകൂട്ടി. അല്ലാഹുവിനു വേണ്ടി ഇതെല്ലാം നടക്കുന്ന സ്ഥലത്തു മാത്രമേ ഈ കാഴ്ചകൾ കാണാൻ സാധിക്കുകയുള്ളൂ. ഭൗതിക രായ ആളുകൾക്ക് ഈ ത്യാഗത്തെക്കുറിച്ച് ചിന്തി ക്കാൻപോലും കഴിയില്ല.

ദൂരെ ദൂരെ സ്ഥലങ്ങളിൽനിന്ന് വന്ന ചില പാവ പ്പെട്ടവരോട് എന്തിന് വന്നുവെന്ന് ചോദിച്ചാൽ, താങ്ക ളുടെ സാന്നിദ്ധ്യത്തിലാണ് ജൽസ നടക്കുന്നത് അതു കൊണ്ടാണ് ഞങ്ങൾ വന്നത് എന്ന മറുപടിയാണ് കിട്ടുക. വിവിധ ജനതകൾ, വിവിധ സ്ഥലങ്ങളിൽ നിന്നുവന്നവർ, സാമ്പത്തികമായി അധികവും ദരിദ്ര രായവർ. ഇന്ത്യ വളരെ വിശാലമായ രാജ്യമാണ്. കാലാവസ്ഥയിലും വളരെ വ്യത്യാസമുണ്ട്. ചിലയി ടത്ത് അതിശൈത്യമാണ്. ചിലയിടത്ത് അത്യുഷ്ണ മാണ്. ഉഷ്ണപ്രദേശത്ത് കഴിയുന്നവർക്ക് ശൈത്യ മേഖലയിലെ തണുപ്പിനെക്കുറിച്ച് സങ്കല്പമേയില്ല. അവരുടെ പക്കൽ തണുപ്പിനുള്ള വസ്ത്രം ഉണ്ടാവു കയുമില്ല. എന്നാൽ, മുഹമ്മദീ മസീഹിന്റെ ഈ ഉമ്മ ത്തരെ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആക ളിൽനിന്ന് അവരുടെ സഞ്ചി നിറയ്ക്കുന്നതിനായി വലിച്ചുകൊണ്ടുവന്നിരിക്കുന്നു. എം.ടി.എയിലൂടെ നിങ്ങൾ കണ്ടിട്ടുണ്ടാകും. റിപ്പോർട്ടുകളിൽ വായിച്ചി ട്ടുണ്ടാകും. മടങ്ങിവന്നവരിൽനിന്ന് കേട്ടിട്ടുണ്ടാകും. പക്ഷേ, അവിടെത്തെ അവസ്ഥ നേരിൽ കാണുന്ന വർക്കു മാത്രമേ യഥാർത്ഥത്തിൽ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. എന്നല്ല, കൂടിക്കാഴ്ച നടന്ന നേരത്തെ ചിലരുടെ അവസ്ഥ എനിക്കു മാത്രമെ അറിയുകയുള്ളൂ.

ആത്മാർത്ഥതയിലും കൂറിലും നന്മയിലും വള രുന്ന ഈ അവസ്ഥാവിശേഷം ജമാഅത്തിലൂടെ നില നിറുത്തുകയാണെങ്കിൽ, ഇൻശാഅല്ലാഹ് ജമാഅത്ത് അഭിവൃദ്ധിപ്പെടുകയും അവർ വിജയം വരിച്ചുകൊ ണ്ടിരിക്കുകയും ചെയ്യും. ഖാദിയാനിലെ ജൽസയുടെ അവസരത്തിൽ പാക്കിസ്ഥാനിൽനിന്ന് വന്നവരു മായും കൂടിക്കാഴ്ച നടന്നു. കൂടുതൽ പേർക്ക് വരാൻ കഴിഞ്ഞില്ല. അയ്യായിരത്തിലധികമാളുകളാണ് അവി ടെനിന്ന് വന്നത്. അവരുടെ വേർപാടിന്റെ ദുഃഖം വിവ രണാതീതമാണ്. വരാൻ കഴിയാത്ത ചിലയാളുകൾ കത്തുകളിലും ചിലർ കവിതകളിലും തങ്ങളുടെ നിസ്സഹായാവസ്ഥ പ്രകടിപ്പിച്ചു. അത് വായിക്കു മ്പോൾ മനസ്സ് വല്ലാത്തൊരവസ്ഥയിലായിപ്പോകുന്നു. സമയമില്ലാത്ത കാരണത്താൽ ചിലർക്ക് കൈകൊ ടുക്കാനെ കഴിഞ്ഞുള്ളൂ. പക്ഷേ, അവരുമായിട്ടുള്ള ഈ സെക്കന്റുകളിലെ കൂടിക്കാഴ്ചയും വർഷങ്ങ ളുടെ കഥകൾ പറയുന്നതായിരുന്നു. അല്ലാഹുതആല ഈ ദൂരവും നിയന്ത്രണവും എത്രയുംവേഗം അവ സാനിപ്പിക്കുമാറാകട്ടെ. ഖാദിയാൻവാസികളേയും അതിഥികളേയും വരുമ്പോഴും പോകുമ്പോഴും കാണാൻ കഴിഞ്ഞു. എപ്പോൾ പോയാലും, അവർക്ക് ഞാൻ ആ വഴി വരുന്ന വിവരം ആദ്യമേ അവർക്കറിയുന്നതുപോലെ തോന്നിയിരുന്നു. വഴി യിൽ നിന്നുകൊണ്ട് സലാം പറയുന്നു. ദുആ ചെയ്യു ന്നു. മുദ്രാവാക്യം മുഴക്കുന്നു.

പലസ്ഥലത്തും, ബയ്ത്തുദുആയിലും ബയ്ത്തുൽ ഫിക്റിലും മസ്ജിദ് മുബാറക്കിലും ആളുകൾ നഫ്ൽ നിസ്കരിക്കുന്നതും, നഫ്ൽ നിസ്കരിക്കുന്നതിനായി തന്റെ ഊഴം കാത്തുനില്ക്കു ന്നതുമെല്ലാം വിവിധ സമയങ്ങളിൽ ഞാൻ കണ്ടു കൊണ്ടിരുന്നു. ഈ ദുആയുടേയും നഫ്ലുകളുടേയും ശീലം അല്ലാഹു അവരുടെ ജീവിതത്തിന്റെ സുശക്ത മായ ഭാഗമാക്കിത്തീർക്കട്ടെ. ഓരോ അഹ്മദിയു ടേയും ജീവിതത്തിന്റെ ഭാഗമായിതീരട്ടെ. ഓർമ്മിച്ചു കൊള്ളുക, നിഷ്കളങ്കമായി അല്ലാഹുവിനോടു

ചെയ്യുന്ന ദുആകൾ റബ്വയിലേക്കുള്ള വഴിയും തുറക്കുന്നതാണ്, ഖാദിയാനിലേക്കുള്ള വഴിയും തുറക്കുന്നതാണ് മദീനയിലേക്കും മക്കയിലേക്കുമുള്ള വഴിയും തുറക്കുന്നതാണ്. ഇൻശാഅല്ലാഹ്.

ഈ യാത്രയിൽ ഹോശിയാർപൂർ പോകാനും അവസരം കിട്ടി. ഹസ്റത്ത് മസീഹ് മൗഊദ്(അ) തപോയജ്ഞം നിർവഹിക്കുകയും വാഗ്ദത്ത പരിവർത്തനകാരിയെക്കുറിച്ച് ആ ധന്യാത്മാവിന് സുവാർത്ത ലഭിക്കുകയും ചെയ്ത ആ വീട്ടിലും പോയി. ഈ കെട്ടിടത്തിന്റെ ചരിത്രപ്രാധാന്യം മനസ്സിലാക്കി, ഇതു വാങ്ങാനുള്ള ശ്രമം ദീർഘകാലമായി നടന്നുവരികയായിരുന്നു. കുറച്ചുവർഷങ്ങൾക്കു മുമ്പേ അതു വാങ്ങാനും ഭാഗ്യം ലഭിച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ) തപോയജ്ഞം നിർവഹിച്ച മുറിയിൽ ദുആ ചെയ്യാനും എനിക്കും കൂടെയുള്ളവർക്കും അവസരവും കിട്ടി. അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളിൽ നിന്ന് നമുക്ക് എപ്പോഴും അനുഗ്രഹം നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. ഞാൻ ഖാദിയാനിലെത്തിയപ്പോൾ അവിടെത്തെ വാസികളുടെ കണ്ണുകളിൽനിന്ന് സന്തോഷത്തിന്റെ കണ്ണീർ പൊഴിയുകയായിരുന്നു. വിടപറഞ്ഞിറങ്ങിയപ്പോൾ വേർപാടിന്റെ ദുഃഖത്തിന്റെ കണ്ണീർപൊഴിയുകയായിരുന്നു. ഖാദിയാൻ വാസികളോടും ഞാൻ പറയുന്നു: ഈ വേർപാടിന്റെ ദുഃഖത്തെ അകറ്റുന്നതിനുവേണ്ടി, ഒരു തടസ്സവുമില്ലാതെ കാണുന്നതിനുവേണ്ടി ഈ കണ്ണീരുകളെ എപ്പോഴും ഒഴുക്കിക്കൊണ്ടിരിക്കുക. പാക്കിസ്ഥാൻ വാസികളും റബ്വ വാസികളും എപ്പോഴും അവരുടെ കണ്ണീരുകളെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞുകൊണ്ട് ഒഴുകുന്നതാക്കിത്തീർക്കുക. നിങ്ങളുടെ ആരാധനകളെ എപ്പോഴും ജീവസുറ്റതാക്കി നിലനിറുത്തുക. അല്ലാഹു തന്റെ പ്രത്യേക കാരുണ്യം ചൊരിഞ്ഞുകൊണ്ട് നമ്മുടെ വിജയത്തിന്റെ മേഖലകൾ ഏറ്റവും അടുപ്പിക്കുംവിധം അല്ലാഹുവിന്റെ മുമ്പിൽ കരഞ്ഞുകരഞ്ഞു ദുആ ചെയ്യുക.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 20.1.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala